**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** **25-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന സിനിമാ വ്യവസായത്തിന് മുതൽക്കൂട്ടാകുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ; | (എ) | ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദ്ദേശീയ നിലവാരത്തിലാക്കുവാൻ 'Modernization of Chitranjali Studio' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കിഫ്ബി മുഖേനയാണ് പദ്ധതിയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി അറ്റ്മോസ് സൗണ്ട് മിക്സിംഗ് തിയേറ്റർ, ഡബ്ബിംഗ് സ്യൂട്ടുകൾ, എഫക്ട്സ്-ഫോളി സ്റ്റുഡിയോ, എഡിറ്റിംഗ് സ്യൂട്ടുകൾ, ഡിജിറ്റൽ ഇന്റർമീഡിയറ്റ് സ്യൂട്ടുകൾ, ഇക്യുപ്മെന്റ് സ്റ്റോറേജ് ഏരിയ, ഗ്രീൻമാറ്റ് സ്റ്റുഡിയോ, കാന്റീൻ എന്നിവയുടെ നിർമ്മാണവും ഷൂട്ടിംഗ് ഫ്ളോറുകളുടെ നവീകരണവും പുരോഗമിക്കുന്നു. ഡിജിറ്റൽ ക്യാമറകൾ, ലെൻസുകൾ, ലൈറ്റുകൾ, മറ്റ് ഷൂട്ടിംഗ് ഉപകരണങ്ങൾ, ഔട്ട്ഡോർ യൂണിറ്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതും ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ മലയാള ചലച്ചിത്രങ്ങളുടെയും, അന്യഭാഷാ ചിത്രങ്ങളുടെയും പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ ഹബ്ബായി മാറുന്നതാണ്.<br><br>ചലച്ചിത്ര രംഗത്തെ നേതൃനിരയിലെ സ്ത്രീ സാന്നിദ്ധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'വനിത സംവിധായകർക്കുള്ള സിനിമ' എന്ന സംരംഭം 2019-20 ൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 3 കോടി രൂപ ബഡ്ജറ്റിൽ ഒന്നരക്കോടി വീതം രണ്ട് വനിതാ സംവിധായകരുടെ ചിത്രങ്ങളാണ് പ്രതിവർഷം നിർമ്മിക്കുന്നത്. ഇത് കൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ SC/ST വിഭാഗക്കാർക്കായുള്ള സംസ്ഥാന സർക്കാരിന്റെ സിനിമ പദ്ധതി പ്രകാരം പ്രതിവർഷം രണ്ട് സിനിമകളുടെ നിർമ്മാണം കൂടി |

| | | | |
|---|---|---|---|
| | | | നടന്നുവരികയാണ്. SC/ST പദ്ധതിയിലും ചിത്രമൊന്നിന് ഒന്നരക്കോടി രൂപമുടക്കി രണ്ട് ചിത്രങ്ങളാണ് പ്രതിവർഷം നിർമ്മിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം വനിതാ വിഭാഗത്തിൽ 4 ചിത്രങ്ങൾ പൂർത്തിയാവുകയും, റിലീസ് ചെയ്യുകയുമുണ്ടായി. SC/ST വിഭാഗത്തിലെ 2 ചിത്രങ്ങൾ ഉടൻ റിലീസ് ചെയ്യുന്നതാണ്.<br><br>മലയാള സിനിമയ്ക്ക് പുതിയ വാണിജ്യ സാധ്യതകൾ കണ്ടെത്തുന്നതിനും സിനിമ പ്രവർത്തകരുടെ അറിവ് വർധിപ്പിക്കുന്നതിന്റെ ഭാഗമായും 28-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയോട് അനുബന്ധിച്ച് 'കേരള ഫിലിം മാർക്കറ്റ്''എന്ന ഒരു ആശയത്തിന് കെ.എസ്.എഫ്.ഡി.സി തുടക്കം കുറിക്കുകയുണ്ടായി. |
| (ബി) | സിനിമാ നിർമ്മാണത്തിനായി എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് കോർപ്പറേഷൻ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ചിത്രാഞ്ജലി സ്റ്റുഡിയോ സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന മലയാള ചലച്ചിത്രങ്ങൾക്ക് 5 ലക്ഷം രൂപ സബ്സിഡിയായി നൽകി വരുന്നു. കൂടാതെ പ്രതിവർഷം ഒന്നരക്കോടി രൂപ വീതം ബഡ്ജറ്റിൽ വനിതാ, SC/ST വിഭാഗത്തിലെ സംവിധായകരുടെ 4 ചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. |
| (സി) | നല്ല സിനിമകളുടെ പ്രോത്സാഹനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | മലയാള ചലച്ചിത്ര മേഖലയുടെ വളർച്ചയ്ക്ക് സഹായകമാകുന്ന പല പദ്ധതികളുടെയും രൂപരേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിച്ചുവരുന്നു. മലയാള സിനിമ മേഖലയിലേക്ക് കൂടുതൽ പ്രതിഭകളെ ആകർഷിക്കുന്നതിലേക്കായും, കൂടുതൽ അവസരങ്ങൾ ഒരുക്കുവാനും അന്താരാഷ്ട്ര ചലച്ചിത്രമേളയോട് അനുബന്ധിച്ച് കേരള ഫിലിം മാർക്കറ്റ് എന്ന ഒരു ആശയത്തിന് തുടക്കം കുറിക്കുകയും, അതിന്റെ ഭാഗമായി വരും വർഷങ്ങളിൽ Co-production, pitching എന്നിവയ്ക്ക് അവസരങ്ങൾ ഒരുക്കുന്നതും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ